പരിസ്ഥിതി ദോഷം വരാത്ത രീതിയിൽ ലോറിയിൽ അപ്പോഴപ്പോഴുതന്നെ നീക്കം ചെയ്തുവരുന്നു. തമ്പാനൂരിൽ Railway കലുങ്കിനകത്ത് ഉണ്ടായിരുന്ന കരിങ്കൽകെട്ട്, നീളത്തിലുള്ള പഴയ തൂൺ എന്നീ തോട്ടിലെ പ്രധാന തടസ്സങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിനുള്ള പണികളും Railway നടത്തിവരുന്നു. പഴവങ്ങാടിയിൽ ഗണപതി ക്ഷേത്രത്തിനു മുൻവശത്ത് പാലം പുനർനിർമ്മിച്ചും വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനു തടസ്സമായി നിൽക്കുന്ന ശുദ്ധജല വിതരണ പൈപ്പ് ഇളക്കി ഉയർത്തി സ്ഥാപിച്ചും, പ്രസ്തുത ഭാഗത്ത് തോട്ടിൽ വർഷങ്ങളായി അടിഞ്ഞുകൂടിക്കിടക്കുന്ന മറ്റു മാലിന്യങ്ങളും ചെളിയും നീക്കംചെയ്യുകയും ചെയ്തുവരുന്നു. പഴവങ്ങാടി തോട്ടിലേക്ക് വന്നുചേരുന്ന തമ്പാനൂർ, പൊന്നറപാർക്ക്, തൈക്കാട്, പഴവങ്ങാടി എന്നീ ഭാഗത്തുനിന്നുള്ള ഓടകളും slab ഇളക്കിമാറ്റി ഓടകളിൽ നിറഞ്ഞു കിടക്കുന്ന ചെളിമണ്ണ് നീക്കം ചെയ്തുവരുന്നു. തോട്ടിൽ അടിഞ്ഞു കൂടുന്ന ചപ്പ്, ചവറ് എന്നിവ ചില പ്രത്യേക സ്ഥലങ്ങളിൽ ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി തോട്ടിൽ ഗ്രേറ്റിംഗ് സംവിധാനവും അതിനോടനുബന്ധിച്ച പണികളും ചെയ്തുവരുന്നു. ഇതിനായി 344.79 ലക്ഷം രൂപ ചെലവായി.

(സി & ഡി) നഗരത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഉയർന്ന പ്രദേശങ്ങളിലുള്ള വെള്ളം തിരിച്ചു വിടുന്നത് പ്രായോഗികമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പുതുതായി നൽകുന്ന ആനുകൂല്യങ്ങൾ

11 [233] ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ: എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
ഡോ: കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസം നടത്തുന്ന എത്ര പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർക്കാർ/സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സംവരണ/മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിലുള്ള ഫീസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly